# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1593 — 13.06.2014-ൽ മറുപടിയ്ക്ക്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പുനർനിർണ്ണയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. ബി. സത്യൻ<br>ശ്രീ. എളമരം കരീം<br>ശ്രീ. എം. ഹംസ | | ഡോ.എം.കെ.മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തി പുനർനിർണ്ണയം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ മാനദണ്ഡങ്ങൾ വെളിപ്പെടുത്താമോ; | എ) | ഉണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 4ാം വകുപ്പ് പ്രകാരം പഞ്ചായത്തുകൾ വിഭജിക്കുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള അധികാരം സർക്കാരിനാണ്. പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും ഗ്രാമ പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി പരിവർത്തനപ്പെടുത്തുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.പ്രസ്തുത കമ്മിറ്റിയുടെ ശിപാർശ ലഭിച്ചിട്ടില്ല. |
| ബി) | തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന വേളയിൽ ധൃതിപിടിച്ചുള്ള അതിർത്തി പുനർനിർണ്ണയം വിജയകരമാകുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ? | ബി) | കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 4 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന യാതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്നമുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ലായെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാലാണ് അതിർത്തി പുനർനിർണ്ണയം തെരെഞ്ഞെടുപ്പിന് മുന്നോടിയായി നടത്തുന്നത്. |

സെക്ഷൻ ഓഫീസർ